HON'BLE MR. E. K. MADHAVAN : അങ്ങനെ ചെയ്യുന്നതിനു വേണ്ട നടപടികൾ നടത്താം.

Transfer of Mr. Stephen Netto.

* 75. MR. P. S. MOHAMMED (*Muvattupuzha I—Muslim*): Will the Government be pleased to state :

(*a* whether Mr. Stephen Netto, now District Registrar, was Manager in the State Forces Commandant's Office ;

(*b*) if so, whether he was transferred from there to the Chief Engineer's Office, as Manager ;

(*c*) the reasons for such a transfer ;

(*d*) whether that transfer was due to any complaint against him ; and

(*e*) if so, the nature of the complaint?

HON'BLE MR. A. J. JOHN. The very same answer given to question No. 73.

കമ്പനികൾക്കു ഗവണ്മെൻറുലോൺ.

76. MR. MOHAMMED MUSTAFA : താഴെകാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചില കമ്പനികൾക്കു ഗവണ്മെൻറു പണം കടമായി കൊടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുതകമ്പനികളുടേയും തുകകളുടേയും ഒരു ലിസ്റ്റ് പ്രസ്താവിക്കുമോ?

(സി) അവ ഓരോന്നും എന്തു വ്യവസ്ഥകളിന്മേൽ എന്താവശ്യത്തിനെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. A. J. JOHAN : (എ) ഉണ്ട്.

(ബി) ആൻറ് (സി) ചില കമ്പനികൾക്കു ഗവണ്മെൻറിൽ നിന്നും പണം കടമായി കൊടുത്തിട്ടുണ്ട്. അതിൻെറ വിവരം പറയാം.

ഫ. മി സൗത്ത് ട്രാവൻകൂർ പ്ലാൻേറഷൻസ് ലിമിറഡ് കമ്പനിക്കു ൪൦,൦൦൦ രൂപാ കടം കൊടുത്തിട്ടുണ്ട്. കമ്പനിയുടെ സഭത്തുക്കളുടെ ഈടിന്മേലാണ് കൊടുത്തിരിക്കുന്നത്. അത് ഫ൦ കൊല്ലംകൊണ്ടു അടച്ചു തീർക്കേണ്ടതാണ്. പലിശ രണ്ടേകാൽ ശതമാനം ആണ്. മൂന്നു കൊല്ലം കഴിഞ്ഞാണു ആദ്യത്തെ തവണ അടക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

ച. ദി അല്യൂമനിയം ഇൻഡസ്ട്രീസ് ലിമിറ്റഡ്, കണ്ടറ ഈ കമ്പനിക്ക് അല്യൂമനിയം റാഡ്സ് വാങ്ങുന്നവകയ്ക്കായി അഞ്ചുലക്ഷം രൂപാ മൂന്നര ശതമാനം പലിശയ്ക്ക് കൊടുത്തിട്ടുണ്ട്. കമ്പനിയുടെ മുഴുവൻ സ്വത്തുക്കളും ഇതിനു ജാമ്യമായിവച്ചിട്ടുണ്ട്. അതു ഫെബ്രുവരി അവസാനത്തോടുകൂടി കൊടുത്തു തീർക്കേണ്ടതാണ്.

ഞ. ദി ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ്. ഈ കമ്പനിക്കും ഒരു സിമ്മൻറ് പ്ലാൻറു വാങ്ങുന്നതിലേക്കുവേണ്ടി ഒരു ലക്ഷംരൂപാ കടംകൊടുത്തിട്ടുണ്ട്. ഈ കമ്പനിയിൽ ആണ്ടിൽ അൻപതിനായിരം ടൺ സിമൻറ് ഉല്പാദിപ്പിക്കാൻ കഴിയുമെന്നു കണക്കാക്കിയിരിക്കുന്നു. കമ്പനിയുടെ സകല സ്വത്തുക്കളും ഈ കടത്തിനു ജാമ്യമായി വച്ചിട്ടുണ്ട്. അതിൻറെയും പലിശ മൂന്നര ശതമാനമാണ്. ഫെബ്രുവരി ഡിസംബർ മുതൽ ഫെബ്രുവരി വാർഷിക തവണകളിലായി കൊടുത്തു തീർക്കേണ്ടതാണ് ഈ കടം.

ട. ദി ട്രാവൻകൂർ ഇനാമൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കണ്ടറ. ഈ കമ്പനിയുടെ സകല സ്വത്തുക്കളുടേയും ഇടിമേൽ ഒരു ലക്ഷംരൂപാ മൂന്നര ശതമാനം പലിശയ്ക്കു കൊടുത്തിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനങ്ങൾക്കായിട്ടാണ് ഇതു കൊടുത്തിരിക്കുന്നത്. മുന്നുകൊല്ലം കൊണ്ട് അതു തിരിച്ചു കൊടുക്കേണ്ടതാണ്.

ഠ. ദി ട്രാവൻകൂർ റയൺസ് ലിമിറ്റഡ്. ഈ കമ്പനിക്കു കൊടുക്കാൻ അനുവദിച്ചിട്ടുള്ള ഏഴുലക്ഷംരൂപായിൽ നിന്നും ഒരു ലക്ഷം രൂപാ ഒരു ഹൈലറു പ്ലാൻറ് സ്ഥാപിക്കുന്നതിനായി കടം കൊടുത്തിട്ടുണ്ട്. കമ്പനിയുടെ സകല സ്വത്തുക്കളും ജാമ്യമാണ്. മൂന്നര ശതമാനം പലിശയോടുകൂടി കടം കൊടുത്ത തീയതി മുതൽ ഒരു കൊല്ലം കഴിയുന്ന തീയതി മുതൽ മൂന്നു വാർഷികതവണകളിലായി തിരിച്ചു കൊടുക്കേണ്ടതാണ്. ഏതെങ്കിലും ഒരു തവണ നിശ്ചിതതീയതിക്കു അടയ്ക്കാതെ വീഴ്ചവരുത്തുകയാണെങ്കിൽ ബാക്കി കൊടുക്കാനുള്ള മുഴുവൻ തുകയും ഉടൻ തന്നെ ആവശ്യപ്പെടുന്നതിന് ഗവണ്മെൻറിനു അവകാശമുണ്ട്.

MR. MOHAMMED MUSTAFA : ഏതെങ്കിലും കമ്പനിക്ക് കൊടുത്തിട്ടുള്ള കടം തിരിച്ചു കിട്ടിയിട്ടുണ്ടോ ?

HON'BLE MR. A. J. JOHN : ട്രാവൻകൂർ റബ്ബർവർക്സിനു കൊടുത്തിട്ടുള്ള മുഴുവൻ തിരിച്ചു കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : വ്യാവസായികാവശ്യങ്ങൾക്കു് രണ്ടേകാൽ ശതമാനം പലിശയ്ക്കു് ഇപ്പോൾ കടം കിട്ടുകയില്ലെന്നറിയാമോ?

HON'BLE MR. A. J. JOHN : ഇപ്പോൾ കിട്ടുകയില്ലെന്നറിയാം. എന്നാൽ ഈ കടങ്ങൾ വളരെ മുമ്പേ കൊടുത്തിട്ടുള്ളതാണു്.

MR. ABDUL AZIZ : ഗവണ്മെൻറിൽനിന്നും കടം കൊടുത്തിട്ടുള്ള കമ്പനികളുടെ മാനേജ്മെൻറിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു് എന്തെങ്കിലും നിയന്ത്രണമുണ്ടോ?

HON'BLE MR. A. J. JOHN : നേരിട്ടു നിയന്ത്രണമൊന്നുമില്ല. എങ്കിലും ഈ കമ്പനികളിലെല്ലാം ഗവണ്മെൻറിൻറെ ഡയറക്ടേഴ്സ് ഉണ്ടു്.

MR. MOHAMMED MUSTAFA : ഗവണ്മെൻറിൽ നിന്നും എടുത്തിട്ടുള്ള ഷെയറുകൾക്കു പുറമേയല്ലേ ഈ തുകകൾ കടമായി കൊടുത്തിട്ടുള്ളതു്?

HON'BLE MR. A. J. JOHN : അതേ.

MR. MOHAMMED MUSTAFA : ഈ കമ്പനികളുടെ മാനേജ്മെൻറിൽ ഗവണ്മെൻറിനു് നേരിട്ടു നിയന്ത്രണം ഉണ്ടായിരിക്കണമെന്നു് തോന്നുന്നുണ്ടോ?

HON'BLE MR. A. J. JOHN : എല്ലാകമ്പനികളുടേയും ഡയറക്ടറന്മാരുടെ കൂട്ടത്തിൽ ഗവണ്മെൻറിൻറെ പ്രതിനിധികൾ ഉണ്ടു്. അവർ വേണ്ടപോലെ നിയന്ത്രിച്ചുകൊള്ളും.

MR. PAUL THALIAT *(Parur III—General)* : മൂന്നു ശതമാനത്തിനു ഗവണ്മെൻറു് പണം കടം വാങ്ങിയിട്ടു് രണ്ടേകാൽ ശതമാനത്തിനു കടംകൊടുക്കുന്നതു് ശരിയായ ഒരു നയമാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. A. J. JOHN : ടി സൌത്തു് ട്രാവൻകൂർ പ്ലാൻറേഷൻസ് ലിമിറ്റഡു് കമ്പനിക്കുമാത്രമാണു് രണ്ടേകാൽ ശതമാനം പലിശയ്ക്കു കടം കൊടുത്തിട്ടുള്ളതു്. അതു മൂന്നാലുകൊല്ലം മുൻപേയാണു് കൊടുത്തിട്ടുള്ളതു്.

MR. MOHAMMED MUSTAFA : സൌത്തു ട്രാവൻകൂർ പ്ലാൻറേഷൻസ് കമ്പനിയുടെ മനേജർ ആരാണെന്നു പറയാമോ?

HON'BLE MR. A. J. JOHN : മാനേജരാരാണെന്നു നിശ്ചയമില്ല. ശ്രീ. സി. എസ്. ലക്ഷ്മണയ്യരായിരുന്നു. അദ്ദേഹം മരിച്ചുപോയി. പിന്നെയുള്ള വിവരം അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW : ഈ കമ്പനികളിൽ ഗവണ്മെന്റിന്റെ പ്രതിനിധികളായ ഡയറക്ടറന്മാർ ഉണ്ടെന്നു പറഞ്ഞു. എന്നാൽ അവർ കമ്പനിയുടെ മാനേജ്മെന്റു നിയന്ത്രിക്കുന്ന കാര്യത്തിൽ വേണ്ട പോലെ ശ്രദ്ധിക്കുന്നില്ലെന്നറിയാമോ?

HON'BLE MR. A J. JOHN : അറിഞ്ഞുകൂടാ.

MR. K. A MATHEW : അങ്ങനെ ശ്രദ്ധിക്കാതിരിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുമോ?

HON'BLE. MR. A. J. JOHN : അന്വേഷിക്കാവുന്നതാണ്.

MR. P. K. KUNJU (*Karunagapalli—Muslim*) : ജനകീയ ഗവണ്മെന്റു രൂപീകരിച്ചതിനുശേഷം ആക്കെക്കിലും കടം കൊടുത്തിട്ടുണ്ടോ?

HON'BLE. A. J. JOHN : അതു റെക്കാർഡ്സ് നോക്കിയേ പറയാൻ നിവൃത്തിയുള്ളൂ.

MR. P. K. KUNJU : ആക്കെക്കിലും കൊടുത്തിട്ടുള്ളതായി അറിവുണ്ടോ?

HON'BLE MR. A J. JOHN : റെക്കാർഡ്സ് നോക്കിയേ അറിയാൻ നിവൃത്തിയുള്ളൂ എന്നു പറഞ്ഞുവല്ലോ.

MR. K. A. MATHEW : ട്രാവൻകൂർ സിമന്റ്സ് കമ്പനി ഗവണ്മെന്റിൽ നിന്നും 25 ലക്ഷം രൂപാ കടമായി ചോദിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : 25 ലക്ഷം രൂപാ കടമായി ചോദിച്ചിട്ടില്ല.

MR. K. A. MATHEW : ഏതെങ്കിലും തുക കടമായി ചോദിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : ചോദിച്ചിട്ടുണ്ട്.

MR. K. A MATHEW : ആ തുക കമ്പനിക്കു കൊടുക്കുന്നതിനു മുൻപ് കമ്പനിയുടെ പ്രവർത്തനം എങ്ങിനെയിരിക്കുന്നു എന്ന് അന്വേഷിക്കുമോ?

HON'BLE MR A. J. JOHN : അതു അന്വേഷിച്ചിട്ടുണ്ട്.

MR. K A. MATHEW : അന്വേഷണത്തിനുപോയ ആർബിട്രേറ്റർക്ക് കമ്പനിയിൽ നിന്നും ഒരുലക്ഷം രൂപാ കൈക്കൂലി കൊടുത്തിട്ടുണ്ടെന്നറിയാമോ?

HON'BLE MR. A J. JOHN : അങ്ങനെ അറിവിൽ പെട്ടിട്ടില്ല.

MR. K. A. MATHEW : അന്വേഷണത്തിനുപോയ ഉദ്യോഗസ്ഥന് ഒരുലക്ഷം രൂപാ കൊടുത്തിട്ടുണ്ടോ എന്നന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J JOHN : അതേപ്പറ്റി അന്വേഷിക്കാം.

MR. N. P VARGHESE *(Muvattupuzpha I—General)* : കമ്പനികളുടെ ഷെയർ വാല്യു വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നറിയാമോ?

HON'BLE MR. A. J. JOHN : ചില കമ്പനികളുടെ ഷെയർവാല്യു കുറഞ്ഞിട്ടുണ്ട്.

MR. N. P VARGHESE : ഏതെങ്കിലും കമ്പനിയുടെ ഷെയർവാല്യു കൂടിയിട്ടുണ്ടോ എന്നു പറയാമോ?

HON'BLE MR. A. J. JOHN : അന്വേഷിച്ചു പറയാം.

MR. MOHAMMED MUSTAFA : കമ്പനികൾക്കു കൊടുത്തിട്ടുള്ള തുകകൾ സുരക്ഷിതമായ രെവസ്ഥയിലാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ ?

HON'BLE MR. A. J. JOHN : അതേപ്പറ്റിയും അന്വേഷിക്കാം.

MR. MANNAR GOPALAN NAIR *(Thiruvalla I—General)* : കടംകൊടുത്തുകയിൽ എന്തെങ്കിലും പിരിഞ്ഞുകിട്ടിയിട്ടുണ്ടോ?

HON'BLE. MR. A. J. JOHN : കിട്ടിയിട്ടില്ല.

MR. MANNAR GOPALAN NAIR : പിരിഞ്ഞുകിട്ടാത്തതിന്മേൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

HON'BLE MR. A. J. JOHN : മുന്നു കൊല്ലം കഴിഞ്ഞതിനുശേഷമെതിരിച്ചു ആവശ്യപ്പെടാവു എന്നാണു വ്യവസ്ഥ. മുന്നു കൊല്ലം കഴിഞ്ഞു തിരിച്ചു കിട്ടിയില്ലെങ്കിൽ ഉടനെ നടപടി നടത്തുന്നതാണ്.

MR. P. S. MOHAMMED : പല കമ്പനികൾക്കും വലിയ തുകകൾ കടമായി കൊടുത്തിരിക്കുന്നതും ഷെയറുകൾ എടുത്തിരിക്കുകയും ചെയ്യുന്ന സ്ഥിതിക്കു ആ കമ്പനികളുടെ നടത്തിപ്പിനെപ്പറ്റി അപ്പപ്പോൾ അറിയുന്നതിലേക്കായി എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

HON'BLE MR. A. J. JOHN : അതിലേക്കുവേണ്ടിയാണ് ഇൻഡസ്ട്രിയൽ ഡയറക്ടർ ആഫീസറെ നിയമിച്ചിരിക്കുന്നത്. അതുകൂടാതെ കമ്പനികണക്കുകൾ ആഡിറ്റുചെയ്യുന്നതിനും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

MR. K. A. MATHEW : കമ്പനികളിൽ നടക്കുന്ന നിയമനങ്ങളിൽ തിരുവിതാംകൂറുകാർക്ക് മുൻഗണന കൊടുക്കണമെന്നു വ്യവസ്ഥയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : പല കമ്പനികളിലും അങ്ങിനെ ചെയ്തിട്ടുണ്ട്.

MR. K. A. MATHEW : അങ്ങിനെ വ്യവസ്ഥയുണ്ടെങ്കിൽ അതു പരിപാലിക്കുന്നതിന് ഗവണ്മെൻറു നിഷ്കർഷിക്കുമോ?

HON'BLE MR. A. J. JOHN : വ്യവസ്ഥയുണ്ടെങ്കിലും അതു കമ്പനിയുടെ റൂളുകളെക്കുടി ആശ്രയിച്ചിരിക്കും. കമ്പനികളിൽ ഷെയർ എടുത്തു എന്നുള്ള കാരണംകൊണ്ടുമാത്രം ഗവണ്മെൻറിനു അങ്ങിനെ നിഷ്കർഷിക്കാൻ അവകാശമുണ്ടായിരിക്കണമെന്നില്ല.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*) : ഇൻഡസ്ട്രിയൽ ലയിസാൺ ആഫീസർ ആരാണ് ?

HON'BLE MR. A. J. JOHN : മി. കുമാരൻ.

MR. K. RAMCHNDRAN : ഇൻഡസ്ട്രിയൽ ലയിസാൺആഫീസർ ആയിരിക്കുന്നതിന് അദ്ദേഹത്തിൻറെ യോഗ്യതകൾ എന്തെല്ലാമാണെന്നുപറയാമോ?

MR. PRESIDENT അതു ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

MR. P. S. NATARAJA PILLAI (*Trivandrum V—General*): Does the Government think it necessary or is it in the interest of the country to encourage such industries by giving them loans?

HON'BLE M. A. J. JOHN : That depends upon the financial conditions of Government.

ടെലഫോണും ഇലക്ട്രിക്ക് പവ്വറും.

*77. MR. MOHAMMED MUSTAFA : താഴെകാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ടെലഫോണും, ഇലക്ട്രിക്ക പവ്വറും ലഭിക്കാത്തതുമൂലം ഇവിടത്തെ വ്യവസായികളും വ്യാപാരികളും വളരെക്കാലമായി വിഷമിച്ചുവരുന്നുവെന്ന് ഗവണ്മെൻറിനറിയാമോ?

(ബി) ഫോണിൻറേയും പവ്വർസപ്ലൈയുടേയും ഉടമസ്ഥാവകാശം കരിഞ്ചന്തയിൽ വിൽപ്പനനടത്തുന്നതായി ഗവണ്മെൻറ് ഗ്രഹിച്ചിട്ടുണ്ടോ ?

(സി) ഈ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും ആവശ്യക്കാർക്കു ഡിപ്പാർട്ടുമെൻറിൽ നിന്നു തന്നെ ഇവ ലഭിക്കുന്നതിനും ഗവണ്മെൻറ് എന്തെങ്കിലും സത്വരനടപടികൾ നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly